"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജൂനിയർ സൂപ്രണ്ടിനെ നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1736/2025/LSGD തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 02.11.2024 ലെ ഡി എ1/241/2024/തസ്വഭവ നമ്പർ കത്ത്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.06.2025 ലെ LSGD/PD/19017/2024-DEB3 നമ്പർ കത്ത്

**ഉത്തരവ്**

ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ അടിയന്തരമായി നിയമിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024 ന ചേർന്ന യോഗം പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത യോഗതീരുമാനത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സൂചന (1) പ്രകാരം നിർദ്ദേശം നല്കിയിരുന്നു. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ .പി.ഷൈജുകുമാർ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പരിഗണിച്ച് ടിയാന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ താല്ക്കാലികമായി നിയമനം നല്കുന്നതിനുള്ള അനുമതി നല്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.പി. ഷൈജുകുമാറിന് വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 14-07-2025 12:54:22

സെക്ഷൻ ഓഫീസർ